**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **11-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയും ടൂറിസം വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ വികസനത്തിന്റെ ഭാഗമായി പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് തീരദേശ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശപാത നിർമ്മാണം നടത്തുന്നത്. തീരപ്രദേശത്തെ ജനതയുടെ തൊഴിൽ സാഹചര്യവും ജീവിതസാഹചര്യവും മെച്ചപ്പെടുത്തുവാൻ പശ്ചാത്തല വികസന മേഖലയിലെ ഈ പദ്ധതി വഴി സാധിക്കും. വ്യവസായം, ചെറുകിട വ്യവസായം, വ്യാപാരം, ടൂറിസം തുടങ്ങി വ്യത്യസ്ത മേഖലകൾക്ക് തീരദേശ ഹൈവേ മുതൽക്കൂട്ടായി മാറും. ബീച്ച് ടൂറിസത്തിന്റെ സാധ്യതകളെ കൂടുതൽ ഉപയോഗപ്പെടുത്തുവാൻ തീരദേശ ഹൈവേ വഴി സാധിക്കും. രാജ്യാന്തര മേഖലയിൽ പ്രസിദ്ധമായ നിരവധി ബീച്ച് ഡെസ്റ്റിനേഷനുകൾ കേരളത്തിലുണ്ട്. ഇതോടൊപ്പം പുതിയ ഡെസ്റ്റിനേഷ നുകൾ കണ്ടെത്താനും അവ നവീകരിക്കുവാനും സാധിക്കും. |
| (ബി) | തീരദേശ ഹൈവേയുടെ നിർമ്മാണം സംസ്ഥാനത്തെ തീരപ്രദേശങ്ങളുടെ വികസനത്തെയും അതുവഴി വിനോദ സഞ്ചാര മേഖലയിൽ വരുന്ന വികസനത്തിലൂടെയുള്ള തൊഴിൽ സാധ്യതയെയും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ തീരമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് തീരദേശപാതാ നിമ്മാണം നടക്കുന്നത്. തീരദേശ ജനതയുടെ ജീവിത-തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും തീരമേഖലയിലെ മത്സ്യഅനുബന്ധ വ്യവസായം, ചെറുകിട വ്യവസായം, വ്യാപാരം തുടങ്ങിയവ ശക്തിപ്പെട്ട ത്തുവാനും ഈ പദ്ധതിയിലൂടെ സാധിക്കും. ടൂറിസം മേഖലയിലും പ്രത്യക്ഷ-പരോക്ഷ തൊഴിൽ സാധ്യതകൾ വർധിക്കും. |
| (സി) | ഡെസ്റ്റിനേഷൻ ടൂറിസം, സൈക്കിൾ ടൂറിസം എന്നീ മേഖലകളുടെ പുരോഗതിക്ക് തീരദേശ ഹൈവേയുടെ പൂർത്തീകരണം സഹായകമാകുമോ; വിശദമാക്കുമോ? | (സി) | തീരദേശ ഹൈവേയുടെ ഭാഗമായി സൈക്കിൾ ട്രാക്ക് കൂടി നിർമ്മിക്കുന്നത് കേരളത്തിന്റെ സൈക്കിൾ ടൂറിസം സാധ്യത വർധിപ്പിക്കും. നിലവിലുള്ള ബീച്ച് ടൂറിസം ശക്തിപ്പെടുത്താൻ ഈ പദ്ധതിയിലൂടെ സാധിക്കും. പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്താനും വികസിപ്പിക്കുവാനും തീരദേശ ഹൈവേ സാധ്യമാകുന്നതിലൂടെ കഴിയും. |

സെക്ഷൻ ഓഫീസർ